പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 568** | **29-10-2019 ൽ മറുപടിക്ക്**

**ഇ-ഓട്ടോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി** | | **ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനം സ്വന്തമായി ഇ-ഓട്ടോ നിർമ്മിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | ഉണ്ട്. കേരള ആട്ടോമൊബൈൽസ് ലിമിറ്റഡാണ് വാഹനം നിർമ്മിക്കുന്നത്. |
| ബി) | ഇ-ഓട്ടോ ഏതൊക്കെ വിധത്തിലാണ് കുറഞ്ഞ ചെലവിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്നതും പരിസ്ഥിതി സൗഹൃദവും ആയിത്തീരുന്നതെന്നും വിശദമാക്കുമോ; | ബി) | ബാറ്ററി ഉപയോഗിച്ച് പ്രവർത്തിപ്പിയ്ക്കുന്നതു കൊണ്ട് കുറഞ്ഞ ചെലവിലും പരിസ്ഥിതിസൗഹൃദമായും ഉപയോഗിക്കുവാൻ കഴിയും. ഇതുമൂലം അന്തരീക്ഷമലിനീകരണവും ശബ്ദമലിനീകരണവും കുറയുന്നു. കൂടാതെ കിലോ മീറ്ററിന് 50 പൈസ മാത്രമേ ഗതാഗത ചെലവ് വരുകയുള്ളൂ. അറ്റകുറ്റ പണികൾക്കുള്ള ചെലവും തുലോം കുറവാണ്. |
| സി) | ഇ-ഓട്ടോയുടെ സാങ്കേതികവശങ്ങളും രൂപഭംഗിയും ഈട്ടും സംബന്ധിച്ച വിവരങ്ങൾ നൽകുമോ; | സി) | ഇലക്ട്രിക് ആട്ടോയിൽ എഞ്ചിനുപകരമായി ഉപയോഗിയ്ക്കുന്നത് ഇലക്ട്രിക് മോട്ടോറുകളാണ്. ഈ മോട്ടോറുകളുടെ പ്രവർത്തനഫലമായിട്ടാണ് വാഹനം ഓടുന്നത്. മോട്ടോർ ഉപയോഗിച്ച് വാഹനമോടിയ്ക്കുന്ന സാങ്കേതിക വിദ്യയാണ് ഇതിൽ ഉപയോഗിച്ചിരിയ്ക്കുന്നത്. |
| ഡി) | ഭാവിയിൽ പ്രധാന നഗരങ്ങളിൽ ഈ-ഓട്ടോ മാത്രമായി പരിമിതപ്പെടുത്തുന്നതിന് ഉദ്ദേശമുണ്ടോയെന്ന് അറിയിക്കുമോ? | ഡി) | സംസ്ഥാനത്ത് പ്രധാന നഗരങ്ങളിൽ ഇ-ഓട്ടോ മാത്രമായി പരിമിതപ്പെടുത്തുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിൽ ഇല്ല. |

സെക്ഷൻ ഓഫീസർ